## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 307** **05.03.2012 ലെ മറുപടിയ്ക്ക്**

## കാരുണ്യ ഭാഗ്യക്കുറി

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. പാലോട് രവി**<br>**ശ്രീ. ഷാഫി പറമ്പിൽ** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കാരുണ്യ പ്രതിവാര ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ആരോഗ്യ വൈദ്യ സഹായ പദ്ധതികൾക്കായി വിതരണം ചെയ്യുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ ; | (എ) | കാൻസർ, വൃക്ക-ഹൃദയ സംബന്ധമായ രോഗ ചികിത്സയ്ക്കും തലച്ചോർ, കരൾ സംബന്ധമായ രോഗങ്ങൾ ഹീമോഫീലിയ എന്നീ രോഗങ്ങളുള്ളവർക്കും , പാലിയേറ്റീവ് കെയർ രോഗികൾക്കും ചികിത്സാ ധനസഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് കാരുണ്യ ബെനവലന്റ് ഫണ്ട് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും 2.5 ലക്ഷത്തിൽ താഴെ വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായത്തിനായി നിർദിഷ്ട ഫോറത്തിൽ റേഷൻകാർഡിന്റെ കോപ്പി, ആശുപത്രി രേഖകൾ എന്നിവ സഹിതം അതാത് ജില്ലകളിലെ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്. ജില്ലാതല കമ്മിറ്റി അപേക്ഷകളുടെ അർഹത പരിശോധിച്ച് സംസ്ഥാനതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫണ്ട് അഡ്മിനിസ്ട്രേറ്റർ തുക അനുവദിയ്ക്കുകയും ചെയ്യുന്നു. RSBY/CHIS+ എന്നീ പദ്ധതികളിൽ നിന്ന് ധനസഹായം ലഭിച്ചു കൊണ്ടിരിക്കുന്നവർക്ക് ടി സ്കീമുകളിൽ അനുവദനീയമായ തുക ഉൾപ്പെടെ മൊത്തം 2 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി സഹായം നൽകുന്നതാണ്. മാരകമല്ലാത്ത രോഗ ങ്ങളാൽ ആശുപത്രികളിൽ കിടത്തി ചികിത്സയിൽ കഴിയുന്നവർക്ക് ഒറ്റത്ത വണ ചികിത്സാ ധനസഹായമായി 3000 രൂപ ഈ പദ്ധതിയിൽ നിന്നും നൽകുന്നു ണ്ട്. |
| **(ബി)** | ഏതെല്ലാം രോഗികൾക്കാണ് ഈ പദ്ധതി വഴി ധനസഹായം നൽകുന്നത് ; | **(ബി)** | നിലവിൽ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന കാൻസർ, ഹീമോഫീലിയ രോഗികൾ , ഹൃദയ-വൃക്ക സംബന്ധമായ രോഗങ്ങളുള്ളവർക്കും തലച്ചോർ-കരൾ സംബന്ധമായ രോഗങ്ങളുള്ളവർക്കും ,പാലിയേറ്റീവ് കെയൽ രോഗികൾക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായമനുവദിയ്ക്കും. |
| **(സി)** | ഇതിന് വേണ്ട ഫണ്ട് രൂപീകരിക്കുന്ന തിനും അതിന്റെ വിനിയോഗത്തിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട് ? | **(സി)** | കാരുണ്യ ബെനവലന്റ് ഫണ്ട് രൂപീകരി ച്ചിട്ടുണ്ട്. പ്രസ്തുത ധനസഹായ വിതരണ ത്തിന്റെ ആദ്യ ഘട്ടമായി **17,10,000 /-** **രൂപ** (പതിനേഴ് ലക്ഷത്തി പതിനായിരം രൂപ മാത്രം) 26.02.2012ൽ വിതരണം നടത്തി. ധനസഹായത്തിനായി |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ , റേഷൻകാർഡിന്റെ കോപ്പി, ആശുപത്രി രേഖകൾ സഹിതം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സ്വീകരിയ്ക്കുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റി അപേക്ഷയുടെ അർഹത പരിശോധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ചെയർമാനായ സംസ്ഥാന കമ്മിറ്റിയിൽ സമർപ്പിക്കുകയും സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫണ്ട് അഡ്മിനിസ്ട്രേറ്റർ (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ) തുക അനുവദിയ്ക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**